മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് കരട്ട് റിപ്പോർട്ട്

## വാർഡ് 14 വലിയവീട്

പോത്തൻകോഡ് ബ്ലോക്ക്

തിരുവനന്തപുരം ജില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം


സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോൺ നമ്പർ 0471-2724696.Email.keralasocialaudit@gmail.com


മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പനിയമം ദാരിദ്ര്യ

ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് നിയമം പാസ്സാക്കി . 2006 ഫെബ്രുവരിയിൽ 2 നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് ആരംഭത്തിൽ പദ്ധതി നടപ്പിലാക്കിയത്. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 200 ഓടെ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ ദാഹരിദ്ര്യം ലാഹൂകരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കർ ഇല്ല. തുടക്കത്തിൽ 125 രൂപ കൂലിയിൽ നിന്നും ഘട്ടം ഘട്ടമായി 271 രൂപ നിലവിൽ ലഭിക്കുന്നു. തൊഴിൽ ഉറപ്പ് നിയമം സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നടത്തണം എന്ന് നിഷ്കർഷിക്കുന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## <u>ഫയൽ പരിശോധന റിപ്പോർട്ട്</u>

പ്രവൃത്തിയുടെ പേര് :ചെറു കിട കൃഷി ഭൂമിയിൽ ഭൂ വികസനം2 ഫയൽ

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| DP/274011 | 7/11/18 | 21/1/19 | 241051 | 218197 |
| DP/276454 | 6/12/018 | 29/03/19 | 340482 | 165555 |
| DP/281048 | 8/03/19 | 28/03/19 | 350000 | 118992 |
| DP/274010 | 13/11/19 | 03/03/19 | 413454 | 400192 |
| Dp/274212 | 07/11/18 | 4/03/19 | 373113 | 348915 |
| DP/274009 | 7/11/18 | 3/03/19 | 413454 | 384553i |

| | | | | |
|---|---|---|---|---|
| DP/281049 | 13/03/19 | 31/03/19 | 350000 | 81169 |

പാട്ടക്കൃഷി ബന്ധപ്പെട്ട 5ഫയലുകളും ആണ് ഞങ്ങൾ പരിശോധിച്ചത്. അതിൽ നിന്നും

✖ കവർ പേജ് ഉൾപ്പെടുത്തിയിരുന്നില്ല.

✖ ചെക്ക് ലിസ്റ്റ്ൾ ഉൾപ്പെടുത്തിയിരുന്നില്ല.

✖ ആക്ഷൻ പ്ലാൻ ഉൾപ്പെടുത്തിയിരുന്നില്ല.

✔ ഭരണാനുമതി ഉണ്ടായിരുന്നു

✔ സാങ്കേതിക അനുമതി ഉണ്ടായിരുന്നു.എന്നാൽ secure ൽ നിന്നും ലഭ്യമാകുന്ന കോപ്പി ആണ്

✔ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

✖ ഡ്രോയിങ്സ് ആൻഡ് ഡിസൈൻ ഉൾപ്പെടുത്തിയിരുന്നില്ല.

✖ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോറം ഇല്ല

✔ തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം ഇല്ലായിരുന്നു.

✔ മസ്റ്റർ റോൾ

7ഫയലുകളിലായി 166 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

മസ്റ്റർ റോളിൽ ഒന്നും തന്നെ വർക്ക് സ്റ്റാർട്ട് ഡേറ്റ്, ചെക്ക് സൈൻ, പഞ്ചായത് സെക്രട്ടറി സൈൻ, സീൽ എന്നിവ ഇല്ലായിരുന്നു.

✖ ഫയൽ ടാകിംഗ് ഫോം ഇല്ലായിരുന്നു.

✖ മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ് ഇല്ല

✔ wage list ഉണ്ടായിരുന്നു.

✔ FTO ഉണ്ടായിരുന്നു.

- ✖ ത്രീ സ്റ്റേജ് ഫോട്ടോ ഉണ്ടായിരുന്നില്ല.
- ✖ ജിയോടാഗ് ഫോട്ടോഗ്രാഫ് ഉൾപെടുത്തിട്ടില്ല
- ✖ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉ ണ്ടായിരുന്നില്ല.
- ✔ സൈറ്റ് ഡയറി ഉണ്ടായിരുന്നു.
- ✔ M book ഉണ്ടായിരുന്നു

## ഫീൽഡ് പരിശോധന റിപ്പോർട്ട്

2018-19 ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെ കാലഘട്ടത്തിൽ വലിയ വീട് വാർഡിൽ നടന്ന പ്രവർത്തികളുമായി ബന്ധപ്പെട്ട 7 ഫയലുകളിലുമായി 22 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് ഞങ്ങൾക്ക് പരിശോധിക്കാൻ ഉണ്ടായിരുന്നത്. സന്ദർശിച്ച പുരയിടങ്ങളിൽ എല്ലാം തന്നെ നല്ല രീതിയിൽ പ്രവർത്തി നടന്നതായി കാണാൻ കഴിഞ്ഞു. Cib ബോർഡ് കാണാൻകഴിഞ്ഞ ഇല്ല

## ഡോർ to ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്

16/11/2019 രാവിലെ 10.30 ന് കൺവീനരോട് വിളിച്ചറിയുകയും അപ്രകാരം തൊഴിലാളികൾ സൈറ്റിൽ ഒരുമിച്ചുകൂടുകയും ചെയ്തു. തൊഴിലാളികളോട് പത്ത് അവകാശങ്ങളെ പറ്റി ചോദിക്കുകയും എന്നാൽ അവകാശങ്ങൾ അറിയാത്ത സാഹചര്യത്തിൽ അവർക്ക് പറഞ്ഞു.അവർക്ക് അറിയാത്ത സാഹചര്യത്തിൽ തുടർന്ന് വി.ആർ.പി. ധന്യ , 10 അവകാശങ്ങളെപ്പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും മറ്റു വി. ആർ.പി മാർ തൊഴിൽ കാർഡ് പരിശോധന നടത്തുകയും ചെയ്തു. തൊഴിലാളികൾക്കാർക്കും 10 അവകാശങ്ങളെപ്പറ്റി കാര്യമായി അറിവില്ലായിരുന്നു. തൊഴിൽ കാർഡ് അപൂർണമായിരുന്നു

DP274010 ഫയൽ പരിശോധയിൽ പ്രധാനമായും കൃഷി ചെയ്തത് മരച്ചീനി, വാഴ, ചീനി, കൂവ , ചീര

എന്നിവയായിരുന്നു.കൃഷിയുടെ വിളവ് തൊഴിലാളികൾ വീതിച്ചെടുക്കുകയും അതിൽ 20% വീട്ടുടമയ്ക്ക് നൽകുകയും ചെയ്തുപരിശോധനയിൽ മരിച്ചീനി വിളവെടുത്തു കൊണ്ടിരിക്കുന്നത് വാഴകൾ നശിച്ചു പോയതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഫാത്തിമയുടെ കരംതീരുവയിൽ ചെയ്ത കൃഷിയിൽ മരച്ചീനി, വാഴ, ഉണ്ടായിരുന്നു.ശ്രീമതി ഷമിനയുടെ പുരയിടത്തിൽ മരിച്ചീനി, ചീര, വാഴ, എന്നിവയുണ്ടായിരുന്നു, ഇതിൽ മരിചീനി വിളവെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു. സുൾഫിക്കരുടെ പുരയിടത്തിൽ മരച്ചീനിയുടെ വിളവെടുപ്പ് കഴിഞ്ഞ് രണ്ടാമത് വീണ്ടും മരച്ചീനി കൃഷി ചെയ്യുന്നതാണ് കാണാൻ കഴിഞ്ഞത്.CIB സ്ഥാപിച്ചിട്ടില്ല. അവിടെ ചീനി,കുവ, എന്നിവയും കണ്ടു നസീഹയുടെ പുരയിടത്തിൽ മരിച്ചീനി, വാഴ എന്നിവ ഉണ്ടായിരുന്നു

DP 274011, DP276454 പാട്ടക്കൃഷി ഫയൽ ഫീൽഡ് പരിശോധനയിൽ നിന്നും പ്രധാനമായും വാഴ മരിച്ചീനി ചേന ചേമ്പ് കപ്പലണ്ടി കുവ എന്നിവ കാണാൻ സാധിച്ചു ഉടമസ്ഥന് 20% കൊടുകയു ബാക്കതൊഴിലാളി കൾ വീതം വച്ചു ഏടുകയും ചെയ്തു cib ബോർഡ് പറ്റി അറിവോ വയ്ക്കുകയോ ചെയ്യ്തിട്ടല്ല

DP274009 പാട്ടക്കൃഷി ഫയൽ ഫീൽഡ് പരിശോധനയിൽ നിന്നും വാഴ കപ്പലണ്ടി ചീര വെണ്ട നാരങ്ങ പയർ പടവലങ്ങ എന്നിവ കാണാൻ കഴിഞ്ഞു. അതിന്റെ ഫലം അവര്ക് കിട്ടുന്നതായും അറിഞ്ഞു

DP274012 പാട്ടക്കൃഷി ഫയൽ ഫീൽഡ് പരിശോധന യിൽ നിന്നും വാഴ മരച്ചീനി മുളക് ചേന എന്നിവ കൃഷി ചെയ്തിരിക്കുന്നു cib ബോർഡ് കാണാൻ സാധിച്ചില്ല. DP 281049 ഭൂ വികസനം ഫയൽ ഫീൽഡ് വെരിഫിക്കേഷൻ നിന്നും വാഴയ്ക്ക് കുഴികൾ എടുക്കുകയും ഉടമസ്ഥൻ വാഴകൾ

വച്ചിരിക്കുന്നു cib ബേർഡ് കാണാൻ സാധിച്ചില്ല

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്.

വാർഡ് :- വലിയവീട് (14)

സ്ഥലം :- അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ

അജണ്ട :-

അധ്യക്ഷയെ തെരഞ്ഞെടുക്കൽ.

ഈശ്വര പ്രാർത്ഥന

ഭരണഘടനാ പ്രതിജ്ഞ

സ്വാഗതം

ആമുഖം

അവകാശങ്ങൾ

റിപ്പോർട്ട് അവതരണം

ചർച്ച

തീരുമാനങ്ങൾ

കൃതജ്ഞത

ദേശീയ ഗാനം

ഇന്ന് ഉച്ചയ്ക്ക് 2 മണിയോട് കൂടി ഞങ്ങൾ വി. ആർ. പി മാർ കമ്മ്യൂണിറ്റി ഹാളിൽ എത്തിചേർന്നു. എന്നാൽ തൊഴിലാളികൾ എത്താൻ വൈകിയതിനാൽ 3, മണിക്കാണ് ഗ്രാമസഭ ആരം ഭിച്ചത് NREG സെക്ഷനിൽ നിന്നും എ. ഇ യും അതുപോലെ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റും വലിയവീട് വാർഡ് മെമ്പറുമായ പൊടിമോൻ അഷ്റഫ്, അദ്ദേഹവും എത്തിയതോടെ യോഗ നടപടികൾ ആരംഭിച്ചു. ആദ്യം തന്നെ അധ്യക്ഷയായി 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ ശ്രീമതി നസീറയെ തെരഞ്ഞെടുത്തു. ഈശ്വരപ്രാർത്ഥനയോട് കൂടി ആരംഭിച്ച ചടങ്ങിൽ വി. ആർ. പി ആതിര പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും എല്ലാവരും ചേർന്ന് അത് ഏറ്റു ചൊല്ലുകയും ചെയ്തു. തുടർന്ന് വാർഡ് മെമ്പറും വൈസ് പ്രസിഡന്റുമായ പൊടിമോൻ അഷ്റഫ് സ്വാഗതപ്രസംഗം നടത്തി. തൊഴിലുറപ്പ് പദ്ധതിയെ കുറിച്ചും സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യത്തെ കുറിച്ചും വി. ആർ. പി. ഹസീന വ്യക്തമാക്കി. ശേഷം തൊഴിലാളികളുടെ അവകാശങ്ങളെ കുറിച്ച് വി. ആർ. പി. മാരായ അഞ്ജിത, ധന്യ എന്നിവർ വിശദമാക്കി. ഫയൽ, ഫീൽഡ്, ഡോർ ടു ഡോർ എന്നീ പരിശോധനകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് വി. ആർ. പി. അഞ്ജലി അവതരിപ്പിക്കുകയുണ്ടായി. അതിനു ശേഷം ചർച്ച ആരംഭിച്ചു.

മാജിദ :-വേതനംകൂട്ടുക(275 ൽ നിന്നും 300 ആയി വർധിപ്പിക്കുക )

ലൈലാബീവി :- 200 പണി നൽകണം, വേതനം 500 രൂപ ആയി വർധിപ്പിക്കണം.

രാജൻ :- SC/ST/BPL ഇങ്ങനെയുള്ള വ്യവസ്ഥിതികൾ ഒഴിവാക്കി എല്ലാവരുടെയും പുരയിടങ്ങളിൽ പണിയെടുക്കാൻ അനുവദിക്കണം.

ശാന്ത :- സമയം 9 മണി മുതൽ 4 വരെ ആക്കുക.

ശാന്ത :-തൊഴിൽ ചെയ്തു 6 മാസത്തിനകം സോഷ്യൽ ഓഡിറ്റ് നടത്തുക

നബീസ :-സോഷ്യൽ ഓഡിറ്റ് വളരെ നല്ലൊരു പ്രവർത്തനമാണ്. തൊഴിലുറപ്പുമായി ബന്ധപ്പെട്ട് സമൂഹത്തിലെ അഴിമതികൾ തുടച്ചു മാറ്റാനും തൊഴിലാളികളുടെ പ്രേശ്നങ്ങൾ മനസിലാക്കുകയും അതിനു പരിഹാരം കാണുമെന്നു പറഞ്ഞത്തിൽ വളരെയധികം സന്തോഷം.

ഓമന :കഴിഞ്ഞ പണിയിൽ 38 ദിവസത്തെ വേതനം കിട്ടാനുണ്ട്.

ശാന്ത :-ഞാൻ മേറ്റ് ആയിരുന്നു (തോടു പണിയിൽ ) തോടുപണിയിൽ ജയ എന്ന ഒരു തൊഴിലാളി പണി കഴിഞ്ഞു ഒരാഴ്ചയ്ക്കകം

മരണപെട്ടു എന്നാൽ നഷ്ടപരിഹാരം ലഭിച്ചില്ല. വളരെ പാവപ്പെട്ട കുടുംബവും 2, ചെറിയ കുട്ടികളും ഓർമ്മുമ്മയാണ് അ കുടുംമ്പത്തിൽ ഉള്ളദ്. എങ്ങനെയും നഷ്ട പരിഹാരം വാങ്ങികൊടുക്കാൻ കഴിയുമോ?

എ. ഇ :-നിങ്ങളുടെ റിപ്പോർട്ടിൽ AMC പ്രകാരമുള്ള രേഖകൾ ഫയലുകളിൽ കാണാൻ സാധിച്ചില്ലന്നു പറയുകയുണ്ടായി അതിനു കാരണം ഇതു സോഷ്യൽ ഓഡിറ്റ് വരുന്നതിനു മുൻമ്പുള്ള ഫയലുകളാണ് അതുകൊണ്ടു എധോകെ ഡോക്യൂമെന്റുകളാണ് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടത് എന്നറിയിലായിരുന്നു ഇനി യുള്ള ഫയലുകളിൽ തീർച്ചയായും ഉൾപ്പെടുത്തും

:-അതുപോലെ തന്നെ ശാന്തമ്മയുടെ കൂടെ ഉണ്ടായിരുന്ന ജയ എ തൊഴിലാളിയുടെ കാര്യം

അവർ പണി സൈറ്റിൽ വച്ചല്ല മരണപെട്ടതും , ആ കുടുംമ്പത്തിനു എന്ദേങ്കിലും സഹായം കിട്ടണം എന്നതുതന്നെയാണ് ഞങ്ങൾക്കും പക്ഷേ നിയമ പ്രകാരം സൈറ്റിൽ വച്ചു മരിക്കുകയോ, ഹോസ്പിറ്റലിൽ കൊണ്ടു പോയത്തിനു ശേഷമോ മരിക്കുന്നവർക്കാണ് ഇ ആനുകൂലിയം കിട്ടുക

ഇ നിയമത്തിനു മാറ്റം വരുകയാണെങ്കിൽ കൊടുക്കാം.

:-CIB യുടെ കാര്യം (CIB യ്ക്ക് പകരം banner ആണ്ണു ഉപയോഗികുന്നത് )അതിനു കാരണം ടെൻഡർ മുകേനയാണ് CIB ബോർഡ് കോൺക്രീറ്റ് ചെയ്യിപ്പിക്കുന്നത് അതു ഏറ്റേടുത്തയാൾ പാധിവഴിക്കു നിർത്തി വച്ചു

ഇനി മുതലുള്ള എല്ലാ സൈറ്റിലും കാണും പുതിയ

ടെൻഡർ ഏറ്റേടുത്തിട്ടുണ്ട്.

തുടർന്ന് റിപ്പോർട്ട് എല്ലാവരും ചേർന്ന് കയ്യടിച്ചു പാസാക്കി. ശേഷം വൈസ് പ്രസിഡന്റ് തൊഴിലാളികൾക്കു വേണ്ടി

സംസാരിക്കുകയുണ്ടായി

പാട്ടക്കൃഷിയ്ക്ക് 3വർഷത്തേക്കാണ് സാധാരണ കൊടുകാറ്

എന്നാൽ ഇപ്പോൾ അതു കിട്ടുന്നില്ല

പാട്ടക്കൃഷിക്ക് കുടുതൽ മുൻകടനാ കൊടുക്കുക അതിലൂടെ പ്രകൃതി സംരക്ഷണം, രാസപദാർത്ഥ ങ്ങൾ ഇല്ലാത്ത പച്ചക്കറികൾ നമ്മുക്ക് എ ടുക്കാൻ സാധിക്കും.

തൊഴിലാളികൾക്കു 15 ദിവസനത്തിനു വേതനം കിട്ടണമെന്നാണ് അവകാശത്തിൽ പറയുന്നത്. അതു കിട്ടേണ്ട സാഹചര്യം ഉണ്ടാകുക.

റിപ്പോർട്ട് കൈ അടിച്ചു പാസാക്കുകയും ശേഷം മെമ്പർ കൃതഞ്ഞത പറയുകയും ദേശീയ ഗാനത്തോടെ യോഗം അവസാനിച്ചു.